**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4529** **19-07-2022 - ൽ മറുപടിയ്ക്ക്**

**വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായുള്ള ജണ്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി ജണ്ട നിർമ്മിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് ഏത് കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നത്; ഏതെല്ലാം തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് മേൽനോട്ട ചുമതല നൽകിയിരുന്നത്; വിശദമാക്കാമോ; | (എ) | വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി ജണ്ട നിർമ്മിക്കാൻ മുൻ സർക്കാരിൻറെ കാലത്ത് കമ്പനികളെ ഏൽപ്പിച്ചിട്ടില്ല. ടി പ്രവർത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ സ്വീകരിയ്ക്കുകയും ആയതു മുഖാന്തരം കരാർ ഏറ്റെടുക്കുന്ന രജിസ്റ്റേർഡ് കോൺട്രാക്ടർമാരാണ് ജണ്ട നിർമ്മാണ ജോലികൾ നിർവ്വഹിച്ചുവരുന്നത്. ടി ജോലികളുടെ മേൽനോട്ട ചുമതല അതാത് ബീറ്റ് ഫോറസ്റ്റ് ആഫീസർ, സെക്ഷൻ ഫോറസ്റ്റ് ആഫീസർ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ആഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ എന്നീ ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ജണ്ടകൾ പലതും നശിച്ചു പോയതായും നിർമ്മാണപ്രവർത്തനങ്ങളിൽ ക്രമക്കേട് നടന്നതായുമുള്ള റിപ്പോർട്ട് വനം വകുപ്പിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ലഭിച്ചിട്ടില്ല |
| (സി) | പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം കുറ്റക്കാരായവരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | (സി) | രജിസ്റ്റേഡ് കോൺട്രാക്ടർമാർ വഴി നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗത്തിൻറെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും അന്വേഷണവും, വെരിഫിക്കേഷനും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ അന്തിമമായ സർക്കാർ നഷ്ടം തിട്ടപ്പെടുത്തി ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ